**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4403** **01-07-2024 - ൽ മറുപടിയ്ക്ക്**

**അഭിഭാഷക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അഭിഭാഷക ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ഈ ക്ഷേമനിധിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | അഭിഭാഷക ക്ഷേമനിധിയിൽ നിലവിൽ 27697 അഭിഭാഷകരെ അംഗങ്ങൾ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലേയും, 1981-ലെ കേരള അഭിഭാഷക ക്ഷേമനിധി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br><br>1.<u>ചികിത്സാ സഹായം:</u>- പ്രധാന ശസ്ത്രക്രിയക്ക് വിധേയരായ അംഗങ്ങൾ, ഒരു മാസമോ അതിൽ കൂടുതലോ ആശുപത്രി വാസം അനുഭവിച്ചവർ, ക്ഷയം, കുഷ്ഠം, പക്ഷാഘാതം, അർബുദം തുടങ്ങിയ ഗുരുതരമായ രോഗ ചികിത്സയ്ക്ക് വിധേയരായ അംഗങ്ങൾ ശാരീരികവൈകല്യം അനുഭവിക്കുന്നവർ മുതലായവർക്ക് ചികിത്സാ സഹായം നൽകി വരുന്നു. അംഗങ്ങൾക്ക് മൂന്നു വർഷക്കാലയളവിൽ ഒരു ലക്ഷം രൂപ ചികിത്സാ സഹായധനം അനുവദിക്കുന്നതാണ്.<br><br>2. <u>മരണാനന്തര ആനുകൂല്യം</u>:- ക്ഷേമനിധിയിലെ ഒരംഗം യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുകയാണെങ്കിൽ ടി അംഗം നാമനിർദ്ദേശം ചെയ്തിട്ടുള്ള ആൾക്കോ അപ്രകാരം നാമനിർദ്ദേശം ചെയ്തിട്ടില്ലെങ്കിൽ ടിയാന്റെ അനന്തരാവകാശികൾക്കോ മൂന്ന് ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി പ്രാക്ടീസ് പൂർത്തീകരിച്ച ഓരോ വർഷത്തിനും 25000/- രൂപ വച്ച്, (പരമാവധി മൊത്തം പത്ത് ലക്ഷം രൂപ) ഏതാണോ കൂടുതൽ തുക, ആയത് അനുവദിക്കുന്നതാണ്.<br><br>3. <u>വിരമിക്കൽ ആനുകൂല്യം</u> :- കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ |

| | | | |
|---|---|---|---|
| | | | അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പത്തു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.<br><br>എന്നാൽ ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്,<br><br>എന്നുമാത്രമല്ല അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തീകരിച്ച ഒരോ വർഷത്തിനും 25000/- രൂപ നിരക്കിൽ ഉള്ള തുക ഇതിൽ ഏതാണോ കൂടുതൽ അത് നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>4. <u>വിദ്യാഭ്യാസ സഹായം:-</u> ക്ഷേമനിധിയിലെ അംഗങ്ങൾക്കും അംഗങ്ങളുടെ ആശ്രിതർക്കും പരമാവധി 5000 രൂപ വിദ്യാഭ്യാസ സഹായത്തിന് അർഹതയുണ്ട്.<br><br>5. <u>സ്റ്റൈപ്പൻഡ്</u>:- കേരള ബാർ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള "ദി കേരള അഡ്വക്കേറ്റ്സ് സ്റ്റൈപ്പൻഡ് റൂൾസ്, 2021”-ലെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ ജൂനിയർ അഭിഭാഷകർക്ക് പ്രതിമാസം 3000/-രൂപ (മൂവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പൻഡ് 12 മാസം വരെ നൽകി വരുന്നു. |
| (ബി) | പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് നിലവിൽ അനുവദിച്ച് വരുന്ന തുക പത്ത് ലക്ഷം രൂപയെന്നത് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ തുക ഇരുപത് ലക്ഷം രൂപയായി ഉയർത്തുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും വിരമിക്കൽ ആനുകൂല്യമായും മരണാനന്തര ആനുകൂല്യമായും ഒരംഗത്തിന് വ്യവസ്ഥകൾക്കു വിധേയമായി അനുവദിക്കുന്ന നിലവിലെ പരമാവധി തുകയായ പത്തു ലക്ഷം രൂപയിൽ നിന്നും വർദ്ധനവ് വരുത്തുന്നതിനുള്ള കേരള ബാർ കൗൺസിലിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ